<u>**15 -ാം കേരള നിയമസഭ**</u>

<u>**2 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1015**</u> <u>**27-07-2021 - ൽ മറുപടിയ്ക്ക്**</u>

<u>**കേരഗ്രാമം പദ്ധതി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ,ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, രോഗം ബാധിച്ചതും ഉല്പാദനശേഷിയില്ലാത്തതുമായ തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിന് പുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോൽസാഹിപ്പിക്കുന്നു. ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ പ്രാദേശിക ആവശ്യാനുസരണം തിരഞ്ഞെടുത്താണ് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുള്ളത് 1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ. (സ്റ്റേറ്റ് പ്ലാൻ ഷെയർ38ലക്ഷം, LSGD ഷെയർ -24 .5 ലക്ഷം) ഇതിൽതാഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു. (a) ഇടയിളക്കൽ. തടം തുറക്കൽ, പുതയിടീൽ - 35 രൂപ/ തെങ്ങ് (b) തൊണ്ട് കുഴിച്ചിടീൽ - 50 രൂപ/തെങ്ങ് (c) കുമ്മായം - 9 രൂപ/തെങ്ങ് (d) രാസവളം - 20 രൂപ/ തെങ്ങ് (e) മഗ്നീഷ്യം സൾഫേറ്റ് - 3.75രൂപ/തെങ്ങ് (f) ജൈവവളം - 25 രൂപ/തെങ്ങ് (g) സസ്യസംരക്ഷണം - 10 രൂപ/തെങ്ങ് |

| | | | |
|---|---|---|---|
| | | | (h)ജീവാണുവളങ്ങൾ, ജൈവീക നിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന് - 75 രൂപ/തെങ്ങ് (i) രോഗംബാധിച്ചതും ഉൽപ്പാദനശേഷി നശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന് - 1000 രൂപ/തെങ്ങ് (j) ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60രൂപ/തെങ്ങ് (k) ഇടവിള കൃഷി - 6000രൂപ/ ഹെക്ടറിന് 2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ ക്രമത്തിൽ 20 ഹെക്ടറിന് പരമാവധി 5 ലക്ഷം രൂപ. 3. 61 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം. 4. 8 ജൈവ വള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം. 5. മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ യൂണിറ്റ് സ്ഥാപിക്കൽ , മിനികയർനിർമ്മാണ/സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ ,പഞ്ചായത്തു തല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവ്, മറ്റു കൂട്ടായ പ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപ. 6. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 15000/- രൂപ. 7. താൽപ്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്റ്റ് അധിഷ്ഠിത ധനസഹായം. |
| (ബി) | സംസ്ഥാനത്ത് ഇതുവരെയായി ആകെ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | 2014 - 15 മുതൽ 2020 - 21 വരെ സംസ്ഥാനത്ത് 372 പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കി. .2021 - 22 വർഷം 84 കേരഗ്രാമങ്ങൾ പുതുതായി സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്.ആയതിൽ 36 കേരഗ്രാമങ്ങളുടെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു . |
| (സി) | കണ്ണൂർ ജില്ലയിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (സി) | കണ്ണൂർ ജില്ലയിൽ 2014 - 15 മുതൽ 2019-20 വരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പട്ടിക വർഷം തിരിച്ചു ചുവടെ ചേർക്കുന്നു. |
| (ഡി) | 2020-21 സാമ്പത്തിക വർഷം പുതിയ തദേശസ്വയംഭരണ സ്ഥാപനങ്ങളെ കേരഗ്രാമം പദ്ധതിയിൽ ഉൾപെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ണൂർ ജില്ലയിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (ഡി) | 2020 - 21 സാമ്പത്തിക വർഷം കണ്ണൂർ ജില്ലയിൽ പുതിയ കേരഗ്രാമങ്ങൾ തിരഞ്ഞെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

| **നിയോജക മണ്ഡലം** | **പഞ്ചായത്ത്** | **വർഷം** |
|---|---|---|
| കൂത്തുപറമ്പ | കൂത്തുപറമ്പ | 2014–15 |
| ധർമടം | അഞ്ചരക്കണ്ടി | 2014–15 |
| കൂത്തുപറമ്പ | കൂത്തുപറമ്പ | 2015–16 |
| ധർമടം | അഞ്ചരക്കണ്ടി | 2015–16 |
| തളിപ്പറമ്പ് | ചക്കരപ്പടവ് | 2015–16 |
| കണ്ണൂർ | മുണ്ടേരി | 2016–17 |
| | എളയാവൂർ | 2018–19 |
| | ചേലോറ | 2019–20 |
| പയ്യന്നൂർ | പയ്യന്നൂർ മുനിസിപ്പാലിറ്റി | 2016–17 |
| | കാങ്കോൽ–ആലപ്പടമ്പ | 2018–19 |
| മട്ടന്നൂർ | കൂടാളി | 2016–17 |
| ധർമടം | പിണറായി | 2017–18 |
| | വേങ്ങാട് | 2018–19 |
| തളിപ്പറമ്പ് | കുട്ടിയാറ്റൂർ | 2017–18 |
| | മയ്യിൽ | 2018–19 |
| കല്യാശ്ശേരി | ചെറുകുന്ന് | 2017–18 |
| കൂത്തുപറമ്പ് | കൂത്തുപറമ്പ | 2017–18 |
| | തൃപ്പങ്ങോട്ടൂർ | 2018–19 |
| | പാനൂർ മുനിസിപ്പാലിറ്റി | 2019–20 |
| പേരാവൂർ | പായം | 2018–19 |
| തലശ്ശേരി | എരഞ്ഞോളി–കതിരൂർ | 2018–19 |
| | കതിരൂർ | 2019–20 |